# 2 കാണക്കാണെ



"നാം വളർത്തി വലുതാക്കിയ ഈ പുതിയ തലമുറ നമ്മെ ഒട്ടും ഗൗനിക്കുന്നില്ല. പഴയതൊക്കെ മോശാന്നാ അവരുടെ പക്ഷം. അവര് പഴയ വീടുകൾ പൊളിച്ച് പുതിയത് പണിയുന്നു. പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു. അതിനെടയിൽ നമ്മൾ മാത്രമാണ് പഴയൊരു വസ്തു. അതിഥികൾ കാണാത്ത ഒരു മുക്കിലേക്ക് നമ്മളെത്തള്ളും. ഒന്നോർക്കണം: നമ്മള് എഴുപതുകൊല്ലം ഇവടെ ജീവിച്ചവരാ. എന്തൊക്കെ കണ്ടു! കേട്ടു! അനുഭവിച്ചു! സ്വാതന്ത്ര്യസമരത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രം ജീവനോടെയുള്ളത് നമ്മടെ തലച്ചോറിലാണ്. ആർക്കെങ്കിലും അതാവശ്യണ്ടോ? നമ്മോട് സംസാരിക്കാൻ തന്നെ അവർക്ക് അറപ്പല്ലേ?"

- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

'അങ്ങേവീട്ടിലേക്ക്' എന്ന കവിതയുടെ ആമുഖമായി ഇടശ്ശേരി ഇങ്ങനെ പറയുന്നു: "ഒരു മകൻ സ്നേഹിതന്മാരോട് അന്തസ്സറ്റ വേഷത്തിൽ നിന്ന അച്ഛനെക്കുറിച്ച് 'ഇവിടെ താമസിക്കുന്ന ആൾ' എന്ന് പറഞ്ഞതായി ഒരു കഥ കേട്ടിട്ടുണ്ട്. അത്തരമൊരച്ഛനെ സങ്കല്പിച്ചെഴുതിയത്."

# അങ്ങേവീട്ടിലേക്ക്

**ഇടശ്ശേരി ഗോവിന്ദൻനായർ**

വിവാഹശേഷം 'യോഗമിത്തിരി' വന്നുചേർന്ന മകളുടെ വിവരങ്ങളറിയാതെ മാതൃഹൃദയം നൊന്തു. ഭാര്യയുടെ നിർബന്ധം കാരണം, വൃദ്ധപിതാവിന് സമ്പന്നനായ മരുമകന്റെ വീട്ടിലേക്കു ചെല്ലില്ലെന്ന വാക്കുതെറ്റിക്കേണ്ടിവന്നു.



"പൂമുഖം വിദ്യുദ്ദീപ-
ശോഭയാലോളം വെട്ടു-
മാമണിഹർമ്യത്തിന്റെ
മുറ്റത്തു നിന്നൂ വൃദ്ധൻ.

മാന്യമായുടുപ്പിട്ട
രണ്ടുപേർ, സുഹൃത്തുക്ക-
ളായിടാം, ജാമാതാവു-
ണ്ടവരൊത്തിരിക്കുന്നു.

അദ്ദേഹം കണ്ടൂ, തന്നെ,
ക്കണ്ടവാറക്കൺകളിൽ
പ്രദ്യോതിച്ചതു ഹാർദ-
സ്വാഗതത്തെളിവല്ല,

നീരസക്കറയുമ,-
ല്ലൊട്ടു സംഭ്രമം മാത്രം;
നേരിടുമെമ്മട്ടെന്നാ-
മിത്തരം ബന്ധുത്വത്തെ!

മകളുമ്മറത്തെത്തി-
യച്ഛനെക്കണ്ടൂ, ഭർത്തൃ-
മുഖമണ്ഡലം നോക്കി
നിസ്സഹായയായ് നിന്നൂ.

കാർനിഴൽ നീന്തീടുന്ന
കൺകളാലവൾ പിന്നെ-
ക്കാൽനടക്കാരൻ നിൽക്കും
പൂഴിയിൽ പൂത്തൂകിനാൾ

പന്തികേടെന്തോ തോന്നി
മിത്രങ്ങളന്വേഷിച്ചാ-
"രെന്തുള്ളു വിശേഷമി-
ക്കിഴവനാരാ"ണെന്നായ്

വിളിച്ചൂ പൂജിക്കാഞ്ഞി,
ട്ടാട്ടിയോടിക്കാഞ്ഞിട്ടും
വിചിത്രമൊരേകാലം
ജാമാതാവിനു ദണ്ഡം!

കാൽക്കൽ വീഴ്കയോ വേണ്ടു,
പോയൊരു മുക്കിൽക്കണ്ണീർ
വാർക്കയോ? വയ്യീ നിൽപ്പു
നിൽക്കുവാൻ പുത്രിക്കെന്നായ്

എങ്ങനെ പോകും? നിൽക്കും?
കുഴങ്ങീ, കുഴയുന്ന
തന്നുടെ കാലിൻ ദണ്ഡം
വിസ്മരിച്ചൊരു വൃദ്ധൻ.

പന്തികേടുകൾ കണ്ടു
മിത്രങ്ങൾ വീണ്ടും ചോദ്യം:
"എന്തുള്ളു വിശേഷ, മി-
ക്കിഴവൻ നിങ്ങൾക്കാരോ?"

ഭർത്താവുത്തരവായീ
ഭാര്യയോ, "ടീയാളെ നീ-
യപ്പുറത്തെങ്ങാൻ കൂട്ടി
വല്ലതും കൊടുത്തേക്കൂ."

"കാര്യമിങ്ങനെയൊക്കെ-
യാ, ണച്ഛൻ പൊറുക്കുകെൻ
പേരി"ലെന്നല്ലീ കെഞ്ചീ
കാർനിഴൽ നീന്തും കൺകൾ.

പാടുപെട്ടുണ്ടാക്കിയ
പുഞ്ചിരിയോടാ വൃദ്ധൻ
ചോടുമാറ്റിക്കൊണ്ടേറെ-
ബ്ഭംഗിയിലേവം ചൊല്ലീ:

"വഴിതെറ്റുന്നൂ വയ-
സ്സാവുമ്പോൾ, അങ്ങേ വീട്ടിൽ-
ക്കയറേണ്ടതാ"ണയാ-
ളിറങ്ങീ കൂനിക്കൂനി.

**തത്ത്വശാസ്ത്രങ്ങളുറങ്ങുമ്പോൾ**

- ആസ്വാദകനെ വൈകാരികമായി സ്പർശിക്കുന്ന ചില സവിശേഷമുഹൂർത്തങ്ങൾ ഈ കവിതയിലുണ്ട്. കണ്ടെത്തി ചർച്ചചെയ്യുക.
- "ചേറടിത്തട്ടിൽ താണുകിടന്നേ മതിയാവൂ
  സാരസപുഷ്പത്തിന്നു സൂര്യനെ സംസേവിക്കാൻ
  ചെങ്കതിർമണികളോടൊപ്പമേ പത്തായത്തിൽ
  ചെന്നുകൂടുവാൻ വൈക്കോൽച്ചണ്ടിക്കെന്തവകാശം"
  കവിതയുടെ ആശയപശ്ചാത്തലത്തിൽ ഈ വരികളുടെ അർഥതലങ്ങൾ കണ്ടെത്തുക.
- "കാർനിഴൽ നീന്തീടുന്ന കൺകളാലവൾ പിന്നെ-
  ക്കാൽനടക്കാരൻ നിൽക്കും പൂഴിയിൽ പൂത്തൂകിനാൾ."
  'കാർനിഴൽ നീന്തും കൺകൾ,' 'പൂഴിയിൽ പൂത്തൂകിനാൾ' എന്നീ പ്രയോഗങ്ങൾ മകൾ അനുഭവിക്കുന്ന മാനസികസംഘർഷം വെളിവാക്കാൻ എത്രമാത്രം സഹായകമാവുന്നു? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.
- "പ്രദ്യോതിച്ചതു ഹാർദസ്വാഗതത്തെളിവല്ല,
  നീരസക്കറയുമ, ല്ലൊട്ടു സംഭ്രമം മാത്രം"

  'നീരസക്കറ' എന്ന പ്രയോഗത്തെ 'സൂര്യകാന്തി'യിലെ 'കരിമ്പിരാവ്' എന്ന പ്രയോഗവുമായി താരതമ്യംചെയ്യൂ. നിരീക്ഷണങ്ങൾ പൊതുവായി അവതരിപ്പിക്കൂ.
- "വഴിതെറ്റുന്നൂ വയസ്സാവുമ്പോൾ..." എന്ന പ്രയോഗം ശ്രദ്ധിച്ചില്ലേ. സാമാന്യാർഥത്തിൽ നിന്നുപരിയായി വഴി എന്ന പദത്തിന് ഈ സന്ദർഭത്തിൽ മറ്റെന്തെല്ലാം അർഥങ്ങൾ കണ്ടെത്താം? ചർച്ചചെയ്യൂ.
- "കുടുംബബന്ധങ്ങളിലെ സംഘർഷങ്ങൾ വിശകലനം ചെയ്യാനുള്ള പാടവമാണ് ഇടശ്ശേരിക്കവിതകളുടെ ഒരു പ്രത്യേകത." ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 'അങ്ങേവീട്ടിലേക്ക്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

ഒറ്റപ്പെടലിന്റെയും അവഗണനയുടെയും വഴിയിൽ വേച്ചുവീഴേണ്ടതാണോ വാർധക്യം?

# എഴുപതുകാരുടെ യോഗം

**അശോകൻ ചരുവിൽ**

"എഴുപതു വയസ്സ് കഴിഞ്ഞവരുടെ യോഗം, അവരുടെ ഒരു സംഘടന എന്നൊക്കെപ്പറയുമ്പോൾ സമൂഹം അതൊരു തമാശയായിട്ടാണ് കണക്കാക്കുക. പണ്ട് നാടകങ്ങളിലെ കോമാളികൾ വീട്ടുവേലക്കാരായിരുന്നു. ഇന്ന് സമൂഹത്തിലെ കോമാളികൾ വയസ്സന്മാരാണ്."

യോഗത്തിന് ഒരു തുടക്കമെന്ന നിലയിൽ രാമൻകുട്ടിനായർ സംസാരിക്കുകയാണ്. ഇരുന്നുകൊണ്ടാണ് സംസാരിക്കുന്നത്. ഈ യോഗത്തിൽ എല്ലാവരും ഇരുന്നു സംസാരിച്ചാൽ മതി എന്നാണ് തീരുമാനം.

രാമൻകുട്ടിനായർ ഒരുങ്ങിത്തന്നെയാണ് വന്നിരിക്കുന്നത്. അലക്കിത്തേച്ച വെളുത്ത വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. ക്ഷൗരം ചെയ്ത മുഖത്ത് നരച്ചതെങ്കിലും രൂപഭംഗിയുള്ള ഒരു മീശ സ്ഥാപിച്ചിട്ടുണ്ട്. ആകപ്പാടെ അദ്ദേഹം നല്ല ഉഷാറിലാണ്.



രാമൻകുട്ടിനായരാണ് ഈ യോഗത്തിന്റെ സൂത്രധാരൻ. യോഗം സംഘടിപ്പിക്കാൻ വേണ്ടി നടത്തിയ ശ്രമത്തെക്കുറിച്ച് അദ്ദേഹം വിവരിച്ചു. എഴുപതുവയസ്സു കഴിഞ്ഞ ഓരോ ആളെയും അദ്ദേഹം വീട്ടിൽ ചെന്നു കണ്ടിരുന്നു. ചിലരൊക്കെ മടുപ്പു പ്രകടിപ്പിച്ചു. സ്ത്രീകൾക്ക് വലിയ നാണമായിരുന്നു.

"നമ്മുടെ നാട്ടിൽ ഇപ്പോൾ എഴുപത് വയസ്സ് കഴിയുമ്പോഴാണ് സ്ത്രീകൾക്ക് നാണമുണ്ടാകുന്നത്."

അദ്ദേഹം തുടർന്നു:

"പത്തമ്പതു കൊല്ലങ്ങൾക്കുമുമ്പ് എഴുപതിനപ്പുറമുള്ള ജീവിതം വലിയ പ്രശ്നമായിരുന്നില്ല. കാരണം, അങ്ങനെയൊരു വിധിക്ക് വിട്ടുകൊടുക്കാതെ ഈശ്വരൻ അവരെ വിളിക്കുമായിരുന്നു. ഇന്നങ്ങനെയല്ല. നമ്മുടെ ഈ ചെറിയ പട്ടണത്തിൽത്തന്നെ വയസ്സുചെന്നവർ ധാരാളമുണ്ട്. വളരെ കുറച്ചുപേരേ ഇവിടെ കൂടിയിട്ടുള്ളൂ. പലരും വന്നില്ല."

"തന്തമാർക്കും തള്ളമാർക്കും ക്ടാങ്ങളെ നോക്കലാ ഇപ്പോ പണി; വെളിച്ചാവുമ്പോ തൊട്ട് അന്ത്യാവണ വരെ."

ചെറുപുഷ്പം ഓയിൽ മില്ലിന്റെ സ്ഥാപകൻ പി.കെ. അന്തോണി പറഞ്ഞു.

“ഇത്രയേ ഞാൻ വിചാരിക്കുന്നുള്ളൂ. ആഴ്ചയിലൊരിക്കൽ നമുക്കൊന്ന് കൂടണം. വിചാരങ്ങൾ പരസ്പരം പങ്കുവയ്ക്കണം. നമ്മളാലാവുന്ന വല്ലതും കളിക്കാം. പുസ്തകങ്ങളോ മാസികകളോ വരുത്തി വായിക്കാം.”

രാമൻകുട്ടിനായർ തന്റെ ആമുഖം അവസാനിപ്പിച്ചു.

‘‘ആരെങ്കിലും മരിച്ചാൽ നമ്മക്കവടെ പോണം. റീത്ത് വെക്കണം. റീത്തുമ്മെ ശീലകെട്ടി അത്മ്മെ സംഘടനേടെ പേരെഴ്തണം.”

പി.കെ. അന്തോണി തന്റെ അഭിപ്രായം കൂട്ടിച്ചേർത്തു.

ചെറുവാരെ ശങ്കരൻകുട്ടി സംസാരിക്കാനായി എഴുന്നേറ്റു. അപ്പോൾ മറ്റു യോഗാംഗങ്ങൾ അദ്ദേഹത്തോട് എഴുന്നേൽക്കേണ്ടതില്ലെന്ന് ഓർമപ്പെടുത്തി. അദ്ദേഹം ഇരുന്നു.

“നമുക്ക് സമൂഹത്തോട് ഒരു ചോദ്യമുന്നയിക്കണം. എഴുപതു വയസ്സ് കഴിഞ്ഞ ഞങ്ങൾ എന്തുചെയ്യണം? ഞങ്ങളുടെ ജീവിതം അവസാനിച്ചോ? അവസാനിച്ചൂന്നാണെങ്കിൽ ഒരു മറുപടികൂടി വേണം. ജീവിതം കൃത്യായിട്ട് എപ്പഴാണ് അവസാനിക്കുന്നത്? എപ്പഴാണ് അത് തൊടങ്ങുന്നത്?”

ഇതൊരു ദാർശനികപ്രശ്നമാകയാൽ രണ്ടോ മൂന്നോ പേരൊഴികെ മറ്റാരും കാര്യമായ ശ്രദ്ധ കാണിച്ചില്ല. പി.കെ. അന്തോണി രാമൻകുട്ടിനായരുടെ ചെവിയിലെന്തോ പറയുകയായിരുന്നു.

“ഇടയ്ക്ക് ഒരു കാര്യം”- രാമൻകുട്ടിനായർ യോഗത്തിന്റെ ശ്രദ്ധ ക്ഷണിച്ചു:

“ചായ വരുത്താനാണ്. മധുരം വേണ്ടാത്തത് ആർക്കൊക്കെയാണെന്ന് അറിഞ്ഞാൽ കൊള്ളാം.”

മധുരം വേണ്ടാത്തവർ ആരുമുണ്ടായിരുന്നില്ല. രാമൻകുട്ടിനായർക്ക് ആശ്ചര്യമായി:

‘‘അപ്പോ ഷുഗർ കംപ്ലയിന്റുള്ളവര് ആരൂല്യേ?”

രാമവാര്യരാണ് അതിന് മറുപടി പറഞ്ഞത്:

“എനിക്ക് ഷുഗറുണ്ട്, പ്രഷറുണ്ട്. ഒക്കെണ്ട്. അമ്പതു വയസ്സുമുതൽ എഴുപതുവയസ്സുവരെ ടൈംടേബിൾ വെച്ചാ ഞാൻ ജീവിച്ചത്. അനങ്ങിയാൽ മക്കള് കണ്ടുപിടിക്കും. എഴുപത് കഴിഞ്ഞപ്പോ നിയന്ത്രണമൊക്കെ മാറ്റി. ഒക്കെ സുഖായിട്ട് കഴിക്കും. മക്കള് തടയണൂല്യ.”

ചെറുവാരെ ശങ്കരൻകുട്ടി വീണ്ടുമെഴുന്നേറ്റു. അബദ്ധം സ്വയം മനസ്സിലാക്കി അദ്ദേഹം ഇരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കഴിഞ്ഞിരുന്നില്ല:

“നാം വളർത്തി വലുതാക്കിയ ഈ പുതിയ തലമുറ നമ്മെ ഒട്ടും ഗൗനിക്കുന്നില്ല. പഴയതൊക്കെ മോശാന്നാ അവരുടെ പക്ഷം. അവര് പഴയ വീടുകൾ പൊളിച്ച് പുതിയത് പണിയുന്നു. പുതിയ തരം വീട്ടുപകരണങ്ങൾ വാങ്ങിക്കുന്നു. അതിനെടയിൽ നമ്മൾ മാത്രമാണ് പഴയൊരു വസ്തു. അതിഥികൾ കാണാത്ത ഒരു മുക്കിലേക്ക് നമ്മളെത്തള്ളും. ഒന്നോർക്കണം: നമ്മള് എഴുപതുകൊല്ലം ഇവടെ ജീവിച്ചവരാ. എന്തൊക്കെ കണ്ടു! കേട്ടു! അനുഭവിച്ചു! സ്വാതന്ത്ര്യസമരത്തിന് സാക്ഷ്യം വഹിച്ചു. ചരിത്രം ജീവനോടെയുള്ളത് നമ്മടെ തലച്ചോറിലാണ്. ആർക്കെങ്കിലും അതാവശ്യണ്ടോ? നമ്മോട് സംസാരിക്കാൻ തന്നെ അവർക്ക് അറപ്പല്ലേ?”

ചെറുവാരെ ശങ്കരൻകുട്ടി പറഞ്ഞുനിറുത്തി.

“അച്യുതൻമാഷ് ഇതുവരെ ഒന്നും പറഞ്ഞില്ലല്ലോ. എന്താദ്? മാഷല്ലേ കാര്യായിട്ട് പറയേണ്ടത്. ഞങ്ങളൊക്കെ കേക്ക്വാന്നല്ലാണ്ടെ. ണ്ടേ?”

രാമവാര്യർ ചോദിച്ചു.

എല്ലാവരും അച്യുതൻമാഷെ താൽപര്യപൂർവം നോക്കി. എല്ലാം ശ്രദ്ധിച്ചുകേട്ടുകൊണ്ട് അദ്ദേഹം ബെഞ്ചിന്റെ ഒരറ്റത്ത് ഇരിക്കുകയായിരുന്നു. സ്വതേ ചിന്താമഗ്നമായ ആ മുഖത്ത് ഇപ്പോൾ ഒട്ടും ഉന്മേഷമില്ല. അദ്ദേഹം കണ്ണടയൂരി മേശപ്പുറത്തു വച്ചു. നെറ്റിയിൽ വിരലുകൊണ്ട് തലോടി.

"എന്താ പറയേണ്ടതെന്ന് നിശ്ചയല്യ. നമ്മുടെ ഓർമകളൊക്കെ നമ്മുടെ യൗവനത്തെ ചുറ്റിപ്പറ്റിയാണ്. ഇപ്പഴത്തെ ചെറുപ്പക്കാർക്ക് പ്രധാനം അവരുടെ യൗവനമാണ്. ഇതുരണ്ടും രണ്ടു കാലമാണ്; രണ്ടു ലോകമാണ്. ഇതു തമ്മിൽ സാമാന്യമായി കൂടിക്കഴിച്ചിൽ ഉണ്ടാവുക വയ്യ. അവര് അവരുടെ വഴിക്കുപോട്ടെ. നാം ശപിക്കരുത്."

ചെറുവാരെ ശങ്കരൻകുട്ടി ഈ അഭിപ്രായത്തോട് യോജിച്ചില്ല.

"അച്യുതൻ മാഷേ, ഒന്നോർക്കണം. യുവത്വം മാത്രമാണോ ജീവിതം? എഴുപതും എൺപതും കഴിഞ്ഞ എത്രയെത്ര പ്രതിഭാശാലികള് നമുക്ക് ചുറ്റുമുണ്ട്. അവരാരും വിശ്രമിക്കണില്ലല്ലോ."

അച്യുതൻമാഷ് പറഞ്ഞു:

"യുവത്വം മാത്രമാണ് ജീവിതംന്ന് ഞാൻ പറഞ്ഞില്ല. പക്ഷേ, സാധാരണ മനുഷ്യന്റെ വസന്തകാലം അതാണ്. എന്തായാലും നമ്മുടെ നല്ലകാലം കഴിഞ്ഞിരിക്കണു. ഇനി കാര്യമായിട്ട് പ്രതീക്ഷിക്കാവുന്നത് ഒന്നു മാത്രമാണ്. അത് നിഷ്പ്രയാസം, ഒരില പൊഴിയുംപോലെയാവുക എന്നതിലാണ് നമ്മുടെയൊക്കെ ഇനിയുള്ള ആനന്ദം. മനസ്സ് ശുദ്ധമാക്കി അതിനു തയാറാവാം."

രാമൻകുട്ടിനായർ പറഞ്ഞു:



"അതെ. അതാ ഞാൻ പറഞ്ഞേ. നാം ആരെയും വിമർശിക്കാനോ ശപിക്കാനോ ഇല്ല. നമുക്ക് വിചാരങ്ങളും അഭിപ്രായങ്ങളുമുണ്ട്. അത് പരസ്പരം കേൾക്കാൻ നമുക്കേ താൽപര്യണ്ടാവൂ. അതുകൊണ്ട് നമുക്ക് കൂടെക്കൂടെ കൂടണം. അതിനൊരു സംഘം വേണം, സ്ഥലം വേണം."

പിന്നെ ആരും അഭിപ്രായങ്ങൾ പറഞ്ഞില്ല. യോഗം അടുത്ത നടപടികളിലേക്കു കടന്നു. സംഘടനയ്ക്ക് ഭാരവാഹികളെ നിശ്ചയിക്കണം. ഒരു പ്രസിഡന്റ്, ഒരു സെക്രട്ടറി, തൽക്കാലം അത്രമതി. പിന്നീട് ആവശ്യം പോലെ കൂട്ടിച്ചേർക്കാമല്ലോ.

അച്യുതൻ മാഷ് പ്രസിഡന്റാവണം എന്ന അഭിപ്രായം രാമവാര്യരാണ് ഉന്നയിച്ചത്. തന്റെ തേഞ്ഞ പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് വാര്യർ അതു പറഞ്ഞു തീരുംമുൻപേ അച്യുതൻമാഷ് വിളിച്ചുചോദിച്ചു:

"അയ്യോ, ഞാനോ?"

അച്യുതൻമാഷ്ക്ക് ആ നിർദേശം ഒട്ടും ഇഷ്ടമായില്ല. അദ്ദേഹത്തിന്റെ മുഖം കനത്തു. പക്ഷേ, യോഗാംഗങ്ങളെല്ലാവരും വലിയ ഉത്സാഹത്തിൽ അദ്ദേഹം മതിയെന്ന് നിർബന്ധംപിടിച്ചു.

"അച്യുതൻമാഷ് ഇങ്ങനെ നമ്മോടൊപ്പം ഇരിക്കുമ്പോ മറ്റൊരാൾ പ്രസിഡന്റാവില്യ. അതിനാർക്കും ചങ്കൂറ്റം വരില്ല. മാഷ് ഒഴിവുകഴിവ് പറയരുത്."

"പ്രസിഡന്റ്ന്ന് വെച്ചാത്രേള്ളൂ. നമ്മളിപ്പോ മലമറിക്കാനൊന്നും പോണില്ലല്ലോ."

അച്യുതൻമാഷ്ടെ വിസമ്മതത്തെ യോഗം ഗൗനിച്ചില്ല. അദ്ദേഹം പ്രസിഡന്റായും രാമൻകുട്ടിനായർ സെക്രട്ടറിയായും നിശ്ചയിക്കപ്പെട്ടു. യോഗം അവസാനിക്കുകയാണ്. അവസാനത്തെ നടപടിയായി പ്രസിഡന്റിന്റെ ഒരു ഉപസംഹാരപ്രസംഗം വേണമെന്ന് അംഗങ്ങൾക്ക് ആഗ്രഹമുണ്ടായി.

അച്യുതൻ മാഷ്ടെ മുഖത്തുനിന്ന് നീരസം വിട്ടുമാറിയിരുന്നില്ല. അദ്ദേഹം പറഞ്ഞു:

"അങ്ങനെയാ ആഗ്രഹംന്ന് വെച്ചാൽ ആയ്ക്കോട്ടെ. എന്നാൽ പ്രസംഗിക്കാനൊന്നും എനിക്ക് വയ്യ. ഒരു കാര്യം മാത്രം പറയാം. ആഴ്ചതോറുമുള്ള കൂടലാണല്ലോ നമ്മുടെ മുഖ്യപരിപാടി. ആരും യോഗത്തിനു വരാതിരിക്കരുത്. വരാനാവില്ലെങ്കിൽ വിവരം മുൻകൂട്ടി അറിയിക്കണം. എന്താന്ന്വെച്ചാൽ, നമ്മുടെ പ്രായക്കാരാവുമ്പോ അറിയിപ്പില്ല്യാണ്ട് മുടങ്ങിയാൽ പല ശങ്കകൾക്കും ഇടയുണ്ടാവും."

യോഗം കഴിഞ്ഞ് വീട്ടിലേക്കു നടക്കുമ്പോൾ അച്യുതൻമാഷ്ക്ക് വല്ലാത്ത ജാള്യം തോന്നി. എന്തൊരു ഊരാക്കുടുക്കിലാണ് താൻ അറിയാതെ ചെന്നുപെട്ടത്. നേരമാണെങ്കിൽ ഏറെ വൈകി.

ഇപ്പോൾ മകനും മരുമകളും സർക്കീട്ടു കഴിഞ്ഞ് തിരിച്ചെത്തിയിട്ടുണ്ടായിരിക്കും. തിരക്കുകളൊഴിഞ്ഞ് അവർക്കു ലഭിച്ച ഒരു ഞായറാഴ്ചയാണിന്ന്. അന്നേരം വീട് അനാഥമാക്കി താൻ പുറപ്പെട്ടതു ശരിയായില്ല.

അച്യുതൻമാഷ്ക്ക് മകനെയും മരുമകളെയും പേടിയാണെന്നാണ് ആളുകൾ പറയുന്നത്. മകൻ പറഞ്ഞതു വിട്ട് അദ്ദേഹം നടക്കില്ലാത്രേ. ശരിയാണ്, അച്യുതൻമാഷ് പറയും: "കുറേക്കാലം അവര് നമ്മെ പേടിച്ചതല്ലേ. ഇനി നമുക്ക് അവരെ പേടിക്കാം."

ഒരു മകനാണ് അച്യുതൻമാഷ്ക്ക് ഉള്ളത്. അവൻ വളരെ സ്മാർട്ടാണ്; പഠിക്കുന്ന കാലത്ത് പഠിപ്പിലും ഇപ്പോൾ ബിസിനസ്സിലും. പഴയ നാലുകെട്ട് പൊളിച്ച് അവൻ മനോഹരമായ ഒരു വീട് പണിതു. അച്യുതൻ മാഷ്ക്ക് മാത്രമായി ഒരു മുറിയുണ്ട്. മുറിയിൽ ടീവിയും റെക്കാർഡ് പ്ലെയറുമൊക്കെയുണ്ട്. പക്ഷേ, അച്യുതൻമാഷ്ക്ക് ഇപ്പോഴും പുസ്തകങ്ങൾ വായിക്കാനാണ് താൽപര്യം.

ഈയിടെയായി ഒരു കുട്ടിയോടെന്നപോലെയാണ് മകൻ അച്യുതൻമാഷോട് പെരുമാറുന്നത്. എന്തും തമാശയായിട്ടേ പറയൂ.

സംസാരിക്കുമ്പോൾ അതിനനുസരിച്ച് വിടരുകയും വാചാലമാവുകയും ചെയ്യുന്ന അവന്റെ കണ്ണുകൾ അച്യുതൻമാഷെ പലതും ഓർമിപ്പിക്കും.

പഴയ ഒരു പ്രൈമറി സ്കൂൾ അധ്യാപകന്റെ വീട്ടിലേക്കുള്ള മടക്കമാണ്. ഖദർ ജുബ്ബ വിയർത്തൊട്ടിയിരിക്കും. തൂക്കിപ്പിടിക്കുന്ന അടുക്കുചോറ്റുപാത്രവും കക്ഷത്തിൽ അന്നത്തെ 'ഹിന്ദു'പത്രവും. നീണ്ട കുടയും മുഖത്തെ ഭഗത്സിങ് മീശയും.

വീട്ടുവാതിൽക്കൽ വിടരുകയും വാചാലമാവുകയും ചെയ്യുന്ന കണ്ണുകൾ. തിടുക്കത്തിൽ പുടവ ഉലയുന്ന സ്വരം.

"മോനിന്ന് എന്താ പറഞ്ഞേന്നറിയോ?"

"എന്താ പറഞ്ഞത്?"

അച്യുതൻമാഷ് സാവധാനം ചോദിക്കുന്നു. അദ്ദേഹം മുറിയിലെത്തി വസ്ത്രം മാറുകയാണ്. അദ്ദേഹം കാലും മുഖവും കഴുകി. ചാരുകസേര നിവർത്തിയിട്ട് പത്രം വായിക്കാനുള്ള തയാറെടുപ്പിലാണ്. യുദ്ധം മുറുകുന്നു. വാർധയിൽ എ.ഐ.സി.സി. ചേരുകയാണ്.

"വരൂന്നേ."



പത്രം വായിക്കാനുള്ള ശ്രമം തടസ്സപ്പെടുന്നു. പിടിച്ചുവലിക്കപ്പെട്ട് അദ്ദേഹം അകത്തെ അറയിലെത്തുന്നു. അറയിലാകെ ഇരുട്ടാണ്. എന്നാലും തെളിഞ്ഞു കാണാം, തൊട്ടിലിൽ അവൻ കിടക്കുകയാണ്. ഒരു കാൽ മെല്ലെയാട്ടി ഉല്ലാസഭാവത്തിൽ അവൻ കൈയുയർത്തുന്നു. കുടുകുടെ ചിരിക്കുന്നു.

അച്യുതൻമാഷ് ഓർത്തു: ഇന്നോളമുള്ള ജീവിതത്തിൽ ഏറ്റവും സന്തോഷിച്ചത് അന്നാണ്. അവൻ മുഖത്തുനോക്കി തിരിച്ചറിഞ്ഞ് ചിരിച്ചപ്പോൾ.

"ത്രനേരം അവൻ അച്ഛാ അച്ഛാന്ന് പറയ്വായിരുന്നു."

നാളികേരം വെന്ത വെളിച്ചെണ്ണ പുരണ്ട മുടിയുടെ മണം. മുലപ്പാലിന്റെ മണം. വരട്ടിയ ഉള്ളിയുടെ കുത്തുന്ന മണം.

ഉള്ളിൽ ആഹ്ലാദം തിരയടിക്കുമ്പോഴും

അതു പുറത്തുകാണിക്കുന്ന ആളായിരുന്നില്ല അച്യുതൻമാഷ്. അദ്ദേഹം ഒന്നും മിണ്ടിയില്ല. പത്രം വായിക്കാനായി പൂമുഖത്തേക്ക് തിരിച്ചുപോന്നു.

പിന്നീടൊരിക്കൽ, പനിക്കുന്ന അവന്റെയരികിൽ രണ്ടുപേരും ഉറക്കമൊഴിച്ച് ഇരിക്കുകയായിരുന്നു. അപ്പോൾ നാലുവയസ്സ് പ്രായമുണ്ട്. രാത്രിയുടെ ഓരോ ദീനസംഗീതവും അവൻ കേട്ടു. ഉറങ്ങാൻ വയ്യാതെ അവൻ ഞരങ്ങി. പല്ലുകൾ കിരുകിരുത്തു. "നീലപ്പന്തു വേണം"- അവൻ പറഞ്ഞു.

അവരുടെ തണുത്ത കൈവിരലുകൾ അച്യുതൻമാഷ്ടെ ചുമലിൽ അമർന്നു. ആ കണ്ണുകൾ വല്ലാതെ തളർന്നിരുന്നു. അവയിൽ കണ്ണുനീർ പൊടിഞ്ഞു. സാന്ത്വനിപ്പിക്കാനുള്ള വാചകങ്ങൾ കൈയിലുള്ള ആളായിരുന്നില്ല അച്യുതൻമാഷ്. അദ്ദേഹം മറ്റെങ്ങോ നോക്കിയിരുന്നു.

തുളസിനീരിൽ ചാലിച്ച ഗോപീചന്ദനാദി ഗുളിക അവനു കൊടുത്തുകൊണ്ടിരുന്നു. പുലർച്ചയായപ്പോൾ അവൻ സ്വസ്ഥനായി ഉറങ്ങി. പനി വിട്ടകന്നിരുന്നു.

നേരം വെളുത്തപ്പോൾ അവർ പതിവില്ലാതെ കിടക്കുകയാണ്. അച്യുതൻമാഷ് അടുത്തു ചെന്നു.

"എനിക്ക് വയ്യാന്ന് തോന്നണു."

തന്റെ നെറ്റിയിൽ അദ്ദേഹം തലോടും എന്ന് അവർ വിചാരിച്ചിരിക്കും. പക്ഷേ, അച്യുതൻമാഷ് അങ്ങനെയുള്ള പ്രണയലീലകളിൽ അന്നു വിശ്വസിച്ചിരുന്നില്ല. അദ്ദേഹം അവരെ അന്നു തലോടിയില്ല. തൊട്ടതുപോലുമില്ല.

പിന്നീട് അദ്ദേഹം തീവ്രമായി അതാഗ്രഹിച്ചു, ഒന്നു തൊടാൻ. പക്ഷേ, അവരടുത്തു വന്നില്ല. "ദാ എന്നെ തൊട്ടോളൂ" എന്നു പറഞ്ഞുള്ള അവരുടെ പൊട്ടിച്ചിരിയും കരച്ചിലും ആ പഴയ വീടിന്റെ ഇരുട്ടിലെവിടെയൊക്കെയോ കേട്ടു എന്നു മാത്രം.

അച്യുതൻമാഷ് പിന്നീട് വളരെ സോഫ്റ്റായി എന്നാണ് ആളുകൾ പറയുന്നത്. അദ്ദേഹത്തിന്റെ വിരൽത്തുമ്പിൽ എപ്പോഴും മകനുണ്ടായിരിക്കും. കുഞ്ഞുങ്ങൾക്ക് കൊടുക്കേണ്ട മരുന്നിനെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചുമായി അച്യുതൻമാഷ്ടെ സംഭാഷണങ്ങൾ.

മകൻ വലുതായപ്പോൾ അച്യുതൻമാഷ് സ്വകാര്യമായ ലോകത്തിലേക്കു മടങ്ങി. മകൻ മിക്കപ്പോഴും ടൂറിലായിരിക്കും. മരുമകൾ ഒറ്റയ്ക്കാവുന്നതുകൊണ്ട് അദ്ദേഹം പുറത്തൊന്നും ഈയിടെ പോകാറില്ല.

രാമവാര്യരുടെ നിർബന്ധം കൊണ്ടാണ് അദ്ദേഹം ഇന്ന് യോഗത്തിനു ചെന്നത്. ചെറുവാരെ ശങ്കരൻകുട്ടിയുടെ വാചകങ്ങൾ മാഷെ നിരാശനാക്കി. മക്കളെ സ്നേഹിക്കുന്നത് ഒരാളുടെ മാനസികമായ ഒരാവശ്യമാണ്. അതിനു പ്രതിഫലം ചോദിക്കരുത്.

അച്യുതൻമാഷ് വീട്ടിലെത്തിയപ്പോൾ നേരം ഇരുട്ടിയിരുന്നു. മകന്റെ സ്കൂട്ടർ മുറ്റത്തുണ്ട്. അദ്ദേഹം കോളിങ്ബെല്ലിൽ വിരലമർത്തി.

മരുമകളാണ് വാതിൽ തുറന്നത്. കണ്ടപാടെ അവൾ പൊട്ടിച്ചിരിച്ചു.

"അച്ഛനു വെല്യ ഗമ്യാണല്ലോ. പ്രസിഡന്റായീന്നറിഞ്ഞു. ഞങ്ങള് പോരുംവഴിക്ക് ഒരു ബൊക്കെ വാങ്ങണംന്ന് കരുതീതാ. സെന്ററില് ഒറ്റ പൂക്കടേം തൊറന്നിട്ടില്ല."

മറുപടി പറയാതെ അച്യുതൻമാഷ് അകത്തു കയറി സോഫയിൽ ഇരുന്നു.

"തൽക്കാലം ഞാൻ നല്ലൊരു കപ്പ് കാപ്പി തരാം. ബൊക്കേം മാലേം പിന്നാവാം, ല്ലേ?"

അവൾ അകത്തു പോയി.

ബാത്ത്ടവലുമായി മകൻ വന്നു. അവൻ നോക്കുന്നില്ല. ചുണ്ടത്ത് ഒരു കള്ളച്ചിരിയുണ്ട്. ഒന്നുമറിയാത്ത ഭാവത്തിൽ അവൻ മുടി ചീകുകയാണ്. അച്യുതൻ മാഷോട് വേണോ ഇത്?

അൽപ്പസമയങ്ങൾക്കുശേഷം അവൻ ശബ്ദം താഴ്ത്തി ചോദിക്കുന്നു:

"എന്താ അച്ഛാ, വല്ല പിക്കറ്റിങ്ങോ ധർണ്ണ്യോ മറ്റോ നിശ്ചയിച്ചിട്ട്ണ്ടോ?"

അച്യുതൻമാഷ് കാപ്പി കഴിച്ചു. മകന്റെയും മരുമകളുടെയും കുസൃതികളൊക്കെ തീർന്നു

എന്നു ബോധ്യമായപ്പോൾ അദ്ദേഹം മെല്ലെ എഴുന്നേറ്റ് തന്റെ മുറിയിലേക്കു പോയി.

സംഘത്തിന്റെ രണ്ടാമത്തെ യോഗം രാമവാര്യരുടെ വീട്ടിലാണ് കൂടിയത്. മിക്ക അംഗങ്ങളും ഉഷാറോടെ ഹാജരായിട്ടുണ്ടായിരുന്നു. പക്ഷേ, ഒരു വിഷമപ്രശ്നമുണ്ടായി. പ്രസിഡന്റായ അച്യുതൻമാഷ് എത്തിയിരുന്നില്ല. എത്താത്തതിന്റെ അറിയിപ്പും അദ്ദേഹം അറിയിച്ചിരുന്നില്ല.

"അറീപ്പില്യാണ്ട് മൊടങ്ങര്ത്ന്ന് അച്യുതൻമാഷ് വെല്യ കാര്യത്തില് പറഞ്ഞതല്ലേ. ന്ന്ട്ട്പ്പോ...."

പി.കെ. അന്തോണിക്കു ശുണ്ഠി വന്നു.

"എന്തെങ്കിലും കാര്യമുണ്ടാവും."

അച്യുതൻമാഷ്ടെ അസാന്നിധ്യം അന്ന് അവരത്ര കാര്യമാക്കിയില്ല.

പക്ഷേ, മൂന്നാംവട്ടം യോഗത്തിലും അച്യുതൻമാഷ് നൽകിയ ദുസ്സൂചനയാണ് അവരെ പേടിപ്പിച്ചത്.

പ്രായമായതിനുശേഷം ഈയിടെയായി ആസ്ത്മ മാഷെ പിടികൂടിയിട്ടുണ്ടെന്ന് പലർക്കുമറിയാം. റിട്ടയർ ചെയ്തശേഷം ഒരിക്കൽ ചെറിയ മട്ടിൽ ഹാർട്ട് ഡിസീസ് ഉണ്ടായത് രാമവാര്യർ ഓർത്തു. അന്ന് ആശുപത്രിയിൽ ചെന്നു കണ്ടപ്പോൾ മാഷ് ചിരിച്ചുകൊണ്ടു പറഞ്ഞു:

"വഞ്ചി മുങ്ങിയില്ല വാര്യരേ."

യോഗനടപടികൾ ആരംഭിക്കാതെ അവർ കാത്തിരുന്നു. അച്യുതൻമാഷ്ടെ വീടുവരെ ഒന്നുപോയാലോ എന്ന് രാമവാര്യർ അഭിപ്രായപ്പെട്ടു. എല്ലാവരും അത് ശരിവച്ചതാണ്.

അപ്പോഴാണ് അച്യുതൻമാഷ്ടെ ഭൃത്യൻ മുറ്റത്തു പ്രത്യക്ഷപ്പെട്ടത്. എല്ലാവരും ആകാംക്ഷയോടെ എഴുന്നേറ്റു. രാമൻകുട്ടിനായർ വേഗം പുറത്തേക്ക് ഇറങ്ങിച്ചെന്നു.

ഭൃത്യന്റെ മുഖത്തു സങ്കടമായിരുന്നു. പോക്കറ്റിൽനിന്നും ഒരു കടലാസെടുത്ത് അയാൾ രാമൻകുട്ടിനായരെ ഏൽപ്പിച്ചു.

അത് അച്യുതൻമാഷ്ടെ കത്തായിരുന്നു. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

"മാന്യ യോഗാംഗങ്ങളേ, കഴിഞ്ഞ തവണ അറിയിപ്പില്ലാതെ യോഗത്തിൽ പങ്കെടുക്കാതിരുന്നതിന് ഞാൻ നിർവ്യാജം മാപ്പുചോദിക്കുന്നു. കഴിഞ്ഞാഴ്ച കോയമ്പത്തൂരിൽ വച്ച് എന്റെ മകന് ഒരു സ്കൂട്ടർ ആക്സിഡന്റ് പറ്റി. അവനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. ഇന്നു പുലർച്ചെ അവൻ മരണമടഞ്ഞു.

ഇത്തവണയും യോഗത്തിൽ പങ്കെടുക്കുവാൻ എനിക്ക് നിർവാഹമില്ല. എന്റെ മാന്യ സ്നേഹിതന്മാർ ക്ഷമിക്കണം.

മറ്റൊരു കാര്യവുംകൂടി, എന്നെ പ്രസിഡന്റ് സ്ഥാനത്തുനിന്ന് ഒഴിവാക്കണമെന്ന അപേക്ഷയാണ്. എനിക്ക് ചുമതലകൾ കൂടുകയാണ്. ഇത്തരം പൊതുകാര്യങ്ങൾക്ക് ഇനി സമയം കിട്ടുമെന്നു തോന്നുന്നില്ല."

**പരിചിതഗന്ധങ്ങൾ**

- “പിന്നീട് അദ്ദേഹം തീവ്രമായി അതാഗ്രഹിച്ചു, ഒന്നു തൊടാൻ. പക്ഷേ, അവരടുത്തു വന്നില്ല. “ദാ എന്നെ തൊട്ടോളൂ” എന്നു പറഞ്ഞുള്ള അവരുടെ പൊട്ടിച്ചിരിയും കരച്ചിലും ആ പഴയ വീടിന്റെ ഇരുട്ടിലെവിടെയൊക്കെയോ കേട്ടു എന്നു മാത്രം.”
  - സൂചനകളിലൂടെ കഥ പറയുന്ന രീതിക്ക് ഈ കഥയിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ. അവ കഥയ്ക്കു നൽകുന്ന മനോഹാരിതയെക്കുറിച്ച് ചർച്ച ചെയ്യൂ.
- ഒരസാധാരണ വ്യക്തിത്വത്തിനുടമയാണ് അച്യുതൻമാഷ്. അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കഥാപാത്രനിരൂപണം തയാറാക്കുക.
- കഥപറയുന്നതിന് കഥാകൃത്ത് സ്വീകരിച്ച ചില തന്ത്രങ്ങൾ ശ്രദ്ധിക്കുക:
  - അച്യുതൻമാഷുടെ ഉപസംഹാരപ്രസംഗത്തിലെ സൂചനകൾ
  - അദ്ദേഹത്തിന്റെ അസുഖങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ
  - അച്യുതൻമാഷുടെ കുടുംബത്തെക്കുറിച്ചുള്ള ഹൃദ്യമായ വിവരണം
  - അദ്ദേഹം കൊടുത്തയച്ച കത്തിലെ വരികൾ
  - മകന്റെ മരണം അവതരിപ്പിച്ച രീതി

  ഇക്കാര്യങ്ങളൊക്കെ പരിഗണിച്ച് കഥയ്ക്ക് ഒരു നിരൂപണം തയാറാക്കുക.
- യൗവനത്തെക്കുറിച്ചുള്ള രണ്ടു കാഴ്ചപ്പാടുകളാണ് ചെറുവാരെ ശങ്കരൻകുട്ടിയുടെയും അച്യുതൻമാഷുടെയും വാക്കുകളിൽ തെളിയുന്നത്. ഏതിനോടാണ് നിങ്ങൾ യോജിക്കുന്നത്? എന്തുകൊണ്ട്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കൂ.

വൃദ്ധജനങ്ങളെ പരിചരിക്കുന്നത് ജീവിതവ്രതമാക്കിയ എത്രയെത്ര കഥാപാത്രങ്ങളെ പുരാണേതിഹാസങ്ങളിൽ കണ്ടെത്താനാവും!

# ദശരഥവിലാപം

എഴുത്തച്ഛൻ



"സ്വാമിൻ, ദശരഥനായ രാജാവു ഞാൻ
മാമപരാധിനം രക്ഷിക്കവേണമേ!
ഞാനറിയാതെ മൃഗയാവിവശനാ-
യാന തണ്ണീർ കുടിക്കും നാദമെന്നോർത്തു
ബാണമെയ്തേനതിപാപിയായോരു ഞാൻ;
പ്രാണൻ കളയുന്നതുണ്ടിനി വൈകാതെ."
പാദങ്ങളിൽ വീണു കേണീടുമെന്നോടു
ഖേദം കലർന്നു ചൊന്നാൻ മുനിബാലകൻ:
"കർമമത്രേ തടുക്കാവതല്ലാർക്കുമേ
ബ്രഹ്മഹത്യാപാപമുണ്ടാകയില്ല തേ.
വൈശ്യനത്രേ ഞാൻ മമ പിതാക്കന്മാരെ-
യാശ്വസിപ്പിക്ക നീയേതുമേ വൈകാതെ.
വാർധക്യമേറി ജരാനരയും പൂണ്ടു
നേത്രവും കാണാതെ പാർത്തിരുന്നീടുന്നു
ദാഹേന ഞാൻ ജലംകൊണ്ടങ്ങു ചെല്ലുവാൻ
ദാഹം കെടുക്ക നീ തണ്ണീർ കൊടുത്തിനി.
വൃത്താന്തമെല്ലാമവരോടറിയിക്ക
സത്യമെന്നാലവർ നിന്നെയും രക്ഷിക്കും.
എന്നുടെ താതനു കോപമുണ്ടാകിലോ
നിന്നെയും ഭസ്മമാക്കീടുമറിക നീ.
പ്രാണങ്ങൾ പോകാഞ്ഞു പീഡയുണ്ടേറ്റവും
ബാണം പറിക്ക നീ വൈകരുതേതുമേ."
എന്നതു കേട്ടു ശല്യോദ്ധരണം ചെയ്തു
പിന്നെസ്സജലം കലശവും കൈക്കൊണ്ടു
ദമ്പതിമാരിരിക്കുന്നവിടേക്കതി-
സംഭ്രമത്തോടു ഞാൻ ചെല്ലും ദശാന്തരേ,
"വൃദ്ധതയോടു നേത്രങ്ങളും വേറുപെ-
ട്ടർധരാത്രിക്കു വിശന്നു ദാഹിച്ചഹോ



വർത്തിക്കുമെങ്ങൾക്കു തണ്ണീർക്കു പോയൊരു
പുത്രനുമിന്നു മറന്നുകളഞ്ഞിതോ?
മറ്റില്ലൊരാശ്രയം ഞങ്ങൾക്കൊരുനാളും
മുറ്റും ഭവാനൊഴിഞ്ഞെന്തു വൈകീടുവാൻ?
ഭക്തിമാനേറ്റവും മുന്നമെല്ലാമതി-
സ്വസ്ഥനായ് വന്നിതോ നീ കുമാരാ! ബലാൽ?"
ഇപ്രകാരം നിരൂപിച്ചിരിക്കും വിധൗ
മൽപാദവിന്യാസജധ്വനി കേൾക്കായി
കാൽപ്പെരുമാറ്റം മദീയം തദാ കേട്ടു
താൽപര്യമോടു പറഞ്ഞു ജനകനും:
"വൈകുവാനെന്തുമൂലം മമ നന്ദന!
വേഗേന തണ്ണീർ തരിക നീ സാദരം."
ഇത്ഥമാകർണ്യ ഞാൻ ദമ്പതിമാർപദം
ഭക്ത്യാ നമസ്കരിച്ചെത്രയും ഭീതനായ്
വൃത്താന്തമെല്ലാമറിയിച്ചിതന്നേരം:
"പുത്രനല്ലല്ലയോധ്യാധിപനാകിയ
പൃഥ്വീവരൻ ഞാൻ ദശരഥനെന്നു പേർ.
രാത്രൗ വനാന്തേ മൃഗയാവിവശനായ്
ശാർദൂലമുഖ്യമൃഗങ്ങളെയും കൊന്നു
പാർത്തിരുന്നേൻ നദീതീരേ മൃഗാശയാ.
കുംഭത്തിൽ നീരകംപുക്ക ശബ്ദം കേട്ടു
കുംഭീവരൻ നിജ തുമ്പിക്കരംതന്നിൽ
അംഭസ്സുകൊള്ളുന്ന ശബ്ദമെന്നോർക്കയാ-
ലമ്പയച്ചേനറിയാതെ, യതും ബലാൽ
പുത്രനു കൊണ്ടനേരത്തു കരച്ചിൽ കേ-
ട്ടെത്രയും ഭീതനായ് തത്ര ചെന്നീടിനേൻ.
ബാലനെക്കണ്ടു നമസ്കരിച്ചേനതു-
മൂലമവനുമെന്നോടു ചൊല്ലീടിനാൻ:
"കർമമത്രേ മമ വന്നതിതു തവ
ബ്രഹ്മഹത്യാപാപമുണ്ടാകയില്ല തേ.
കണ്ണുംപൊടിഞ്ഞു വയസ്സുമേറെപ്പുക്കു
പർണശാലാന്തേ വിശന്നു ദാഹത്തൊടും
എന്നെയും പാർത്തിരിക്കും പിതാക്കന്മാർക്കു
തണ്ണീർ കൊടുക്ക" യെന്നെന്നോടു ചൊല്ലിനാൻ.
ഞാനതു കേട്ടുഴറ്റോടു വന്നേനിനി
ജ്ഞാനികളാം നിങ്ങളൊക്കെ ക്ഷമിക്കണം."

**അധ്യാത്മരാമായണം (അയോധ്യാകാണ്ഡം)**

- "കുംഭത്തിൽ നീരകംപുക്ക ശബ്ദം കേട്ടു
  കുംഭീവരൻ നിജ തുമ്പിക്കരം തന്നിൽ
  അംഭസ്സുകൊള്ളുന്ന ശബ്ദമെന്നോർക്കയാ-
  ലമ്പയച്ചേനറിയാതെ"

  ശബ്ദവിന്യാസംകൊണ്ട് കവി ഈ വരികൾക്കു നൽകിയ മനോഹാരിതയെന്താണ്?
- രാത്രൗ, വനാന്തേ, പർണശാലാന്തേ തുടങ്ങിയ പദങ്ങൾ ശ്രദ്ധിച്ചല്ലോ. ഇത്തരം പദങ്ങളുടെ പ്രത്യേകത കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- പ്രായമായവരെ ശുശ്രൂഷിക്കേണ്ടതിന്റെ ആവശ്യം എഴുത്തച്ഛൻ നമ്മെ ബോധ്യപ്പെടുത്തുന്നത് ഒരു കഥ വഴിയാണ്. നേരിട്ടുള്ള ഉപദേശത്തിലൂടെ തത്ത്വപ്രബോധനം നടത്തുന്ന ഭാഗങ്ങളും എഴുത്തച്ഛൻ കൃതികളിലുണ്ട്.

ഈ വരികൾ ശ്രദ്ധിക്കൂ:

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.
പുത്രമിത്രാർഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ"

**അധ്യാത്മരാമായണം കിളിപ്പാട്ട് - അയോധ്യാകാണ്ഡം**

കൂടുതൽ ഭാഗങ്ങൾ കണ്ടെത്തി ക്ലാസിൽ പാരായണം ചെയ്ത് ആശയചർച്ച നടത്തുമല്ലോ.

"കാലമിനിയുമുരുളും, വിഷു വരും,
വർഷം വരും, തിരുവോണം വരും, പിന്നെ-
യോരോ തളിരിനും പൂവരും, കായ്‌വരും, അപ്പൊ-
ഴാരെന്നുമെന്തെന്നുമാർക്കറിയാം? നമു-
ക്കിപ്പൊഴീയാർദ്രയെശ്ശാന്തരായ്,
സൗമ്യരായെതിരേൽക്കാം;
വരിക സഖീ, യരികത്തുചേർന്നുനിൽക്കൂ,
പഴയൊരു മന്ത്രം സ്മരിക്ക നാമന്യോന്യ-
മൂന്നുവടികളായ് നിൽക്കാം:
ഹാ! സഫലമീയാത്ര."

**സഫലമീയാത്ര - എൻ.എൻ. കക്കാട്**

പരസ്പരം ഊന്നുവടികളായി നിൽക്കുന്ന ദമ്പതിമാരുടെ ചിത്രം ഈ തിരക്കഥാ ഭാഗത്ത് എത്ര ഹൃദ്യമായി ആവിഷ്കരിച്ചിരിക്കുന്നു.

# ഒരു ചെറുപുഞ്ചിരി

**എം.ടി. വാസുദേവൻനായർ**

**സീൻ 50 എ**

പകൽ
ഗ്രാമപാത
അമ്മാളു, കുറുപ്പ്
അവർ തനിയെ നടക്കുന്നു.

അമ്മാളു : (കൈ നീട്ടി) ബാഗ് ഇങ്ങട്ട് തന്നേക്കൂ, കനം ണ്ട്.

കുറുപ്പ് : ഓറഞ്ചും മുന്തിരിങ്ങേം ആണ്. നിന്റേല് എന്താ?

അമ്മാളു : ഒരു സെറ്റ്മുണ്ട്. അത് ഞാൻ പിടിക്കാം. കനൊള്ളതല്ലേ.

കുറുപ്പ് : (വാശിയിൽ) ഇതെനിക്ക് തന്നതാ അവൻ! അത്ര ദുര വേണ്ട. ഞാൻ പിടിച്ചോളാം.

അവർ നടക്കുമ്പോൾ

കുറുപ്പ് : നീയ് മാലതിക്കെന്തോ കൊടുക്ക്ണത് കണ്ടല്ലോ.

അമ്മാളു : അതൊക്കെ ഞാൻ കൊടുത്തു.

കുറുപ്പ് : കണക്കറിയണല്ലോ എനിക്ക്? എന്താ കൊടുത്തത്?

അമ്മാളു : (സംശയിച്ച്) ഒരു കുതിരപ്പവൻ.

കുറുപ്പ് : (ആലോചിച്ച്) അപ്പോൾ ഇനി നാലെണ്ണം ബാക്കി ണ്ട്, അല്ലേ?

അമ്മാളു : ഉം

കുറുപ്പ് : ബീനേം ഭർത്താവും കൂടി വരുമ്പോൾ ഒന്നവൾക്ക്. പിന്നേം മൂന്ന്ണ്ടാവും. ഉം. നാൽപ്പത് നാൽപ്പത്തിരണ്ടുറുപ്പികെ പവനു വെലള്ള കാലത്ത് വാങ്ങീതാ അതൊക്കെ!

അമ്മാളു : കല്യാണച്ചെലവിന് ജാനൂന് ഒന്നും കൊടുത്തില്ലേ?



കുറുപ്പ് : (ഗൗരവത്തിൽ) ഉം. എന്നെ നാട്ടുമര്യാദ പഠിപ്പിക്കണ്ട!

അമ്മാളു : എത്ര?

കുറുപ്പ് : (ഗൗരവത്തിൽ) അത് നീയറിയണ്ട. ഇവിടെ വരവ്ചെലവ് കണക്ക് വയ്ക്കണത് ഞാനാ!

നടക്കുന്നു. സന്ധ്യയുടെ പശ്ചാത്തലത്തിൽ അവർ പതുക്കെപ്പതുക്കെ ഗ്രാമപ്രകൃതിയിലൂടെ നടക്കുന്നു. അപ്പോൾ കല്യാണവീട്ടിൽ നിന്ന് മൈക്ക് ടെസ്റ്റിങ്... പിന്നെ സംഗീതം.

കുറുപ്പ് : ഓ, മൈക്കൊക്കെ വെച്ച് കേമാക്ക്ണണ്ടല്ലോ ജാനു!

അമ്മാളു : ഓർമണ്ടോ? കല്യാണത്തിന് ഞങ്ങടെ വീട്ടിലും റിക്കാർഡ് വെച്ചിരുന്നു. അഞ്ഞൂറാൾക്കായിരുന്നു സദ്യ. നിരത്തുമ്പ്ന്ന് തൊട്ട് ഏഴു ദിക്കില് ഈന്തിൻപട്ടടെ കമാനം. എം.എസ്.സുബ്ബലക്ഷ്മീടെ റിക്കാർഡായിരുന്നു അധികോം. അസ്സലോർമണ്ട്.

പശ്ചാത്തലത്തിൽ കല്യാണവീട്ടിൽ നിന്ന് സംഗീതം. ഭൂതകാലസ്മരണകളിൽ നിമഗ്നരായി അവർ നടക്കുന്നു.

അമ്മാളു : ശുണ്ഠിക്കാരനാന്നാ എല്ലാരും പറഞ്ഞത്. എനിക്കും അതോണ്ട് പേടിയായിരുന്നു. മാലടമ്പോ ഒന്നു നോക്കി. അപ്പഴും വലിയ ഗൗരവം.

കുറുപ്പ് : (ചിരിച്ച്) പരിഭ്രമം. ആകെ പരിഭ്രമായിരുന്നു. പിന്നെപ്പഴാ പേടിമാറീത്?

അമ്മാളു : ബസ്സില് പോയില്ലേ? വീട്ടിലയ്ക്ക് കൂട്ടിക്കൊണ്ട്വോവുമ്പോ. അടുത്തടുത്തിരുന്നപ്പോ കൂടി ഒന്ന് നോക്ക്ണില്ല. മുഖത്ത് ശുണ്ഠിതന്നെ.

കുറുപ്പ് ചിരിയും ഗൗരവവും കലർന്ന ഭാവത്തിൽ കേൾക്കുന്നു.

അമ്മാളു : ബസ്സിന്റെ മണം തട്ടിയപ്പോൾ വല്ലാതെ ഛർദിക്കാൻ വന്നു. അപ്പോൾ അതിലേറെ പേടി. അപ്പോ ആരും കാണാണ്ടെ ഒരു ചെറുനാരങ്ങ കൈയിൽ തന്ന് പറഞ്ഞില്ലേ! മണപ്പിച്ചോളൂ. ഛർദി വരില്ല. നോക്കുമ്പോൾ ഒരു ചിരി! ചെര്യേ ഒരു പുഞ്ചിരി.

കുറുപ്പ് : (കുറച്ച് പതുക്കെ ചിരിക്കുന്നു) വല്ലാത്തൊരോർമ!

അമ്മാളു : (അൽപം ഗൗരവത്തിൽ) ആ ചിരി എന്നും ഞാൻ മറക്കില്ല. പേടിക്കണ്ട ഒരാളല്ല. ഒരു ചങ്ങാതിതന്നെയാണ്ന്ന് തോന്നിയത്, ആ ചെര്യേ ചിരി ചിരിച്ച നേരം തൊട്ടാണ്.

കുറുപ്പ് തുറന്നു ചിരിക്കുന്നു. അവർ വീണ്ടും നടക്കുന്നു.

## സീൻ 51

അടുത്ത പകൽ

വീട്

അമ്മാളു, കുറുപ്പ്

മേശപ്പുറത്ത് പകർച്ച വന്ന വിഭവങ്ങൾ. ഊണ് കഴിയാറായിരിക്കുന്നു. പായസം കഴിക്കുന്ന കുറുപ്പിനോട്

അമ്മാളു : മതി. ഇനി പരിപ്പുപായസോം ണ്ട്.

കുറുപ്പ് : പാലട നന്നായി. ജാനു ഒക്കെ കേമായിട്ടുതന്നെയാണ്. എമ്പ്രാന്തിരിടെ ദേഹണ്ണം ഒട്ടും മോശല്യ.

അമ്മാളു : (പരിപ്പുപായസം വിളമ്പുമ്പോൾ) കുറച്ചു മതി. ഉം, മതി.

അപ്പോൾ ഫോൺകോൾ.

അമ്മാളു : ഞാൻ നോക്കാം.

കാരണവർ വിസ്തരിച്ച് പായസം കഴിക്കുന്നു. അമ്മാളു ഫോണിൽ പറയുന്ന ശബ്ദം കേൾക്കാം: എനിക്ക്സുഖല്യാന്ന് കേട്ട് വെറുതെ വന്നതാണ്... ആ ബീനമോളും ണ്ടായിരുന്നു... അച്ഛൻ ഊണു കഴിക്കാ... ആ, ഞാൻ പറയാം... ഓ, അയ്യോ കഷ്ടായി.

ഊണു കഴിഞ്ഞ് എഴുന്നേറ്റ് കൈ കഴുകുമ്പോൾ അമ്മാളു വന്ന്:

രാധയാണ്. കേശു വന്നതറിഞ്ഞിട്ടുണ്ട്. ബീനടെ കാര്യം എന്തോ അറിഞ്ഞിട്ടുണ്ട്ന്ന് തോന്ന്ണു. ഞാനൊന്നും പറഞ്ഞില്ല.

കുറുപ്പ് കൈ കഴുകി തോർത്തിൽ തുടച്ച് :

ഊണ് കുറച്ച് ജാസ്ത്യായി.

അമ്മാളു : ആ ചിന്നമണിയമ്മല്യേ. അത് കുളിമുറിയിൽ വീണു. അരക്കെട്ടൊടിഞ്ഞു. ആശുപത്രിലാണത്രേ.

കുറുപ്പ് : അവരെയൊക്കെ ഈശ്വരൻ വേഗം അങ്ങട്ട് വിളിക്യാ. അതൊരനുഗ്രഹാവും. എങ്ങനെ കഴിഞ്ഞതാണ്! മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല.

കുറുപ്പ് കിടപ്പുമുറിയിലേക്ക്.

## സീൻ 52

പകൽ

വീട്



കിടപ്പുമുറിയിൽ വിശ്രമിക്കാനായി കിടക്കുന്ന കുറുപ്പ്. അമ്മാളു വന്ന് പുതപ്പ് കാൽക്കലേക്ക് കയറ്റിയിട്ട് ഒരു വശത്തു കിടക്കുന്നു.

അമ്മാളു : ഞാനേയ്, കുറച്ചീസായി പറേണം ന്ന് വിചാരിച്ചിട്ട്, ആലൂര്ന്ന് വന്ന ആലോചനടെ കാര്യം.

കുറുപ്പ് : (ഗൗരവത്തിൽ) ഇനി അത് വിസ്തരിച്ചിട്ടെന്താ കാര്യം? എന്റെ കൂടെ കഴിയാനായിരുന്നു തലേലെഴുത്ത്! തീർന്നില്ലേ?

അമ്മാളു : (ചിരിച്ച്) ആലൂർത്തേയ് ഞാൻ വെറുതെ പറഞ്ഞതാ. ഒരാലോചനേം വന്നില്ല. ആദ്യായിട്ട് എനിക്ക് വന്ന ആലോചന ഇതന്നായിരുന്നു. അത് നടക്കൂം ചെയ്തു.

കുറുപ്പ് : (ചിരിച്ച്) അത് ഏകദേശം ഞാനൂഹിച്ചിരുന്നു. ഇല്ലാത്ത ഒരാലോചനടെ കേമത്തം പറേണേല് ഒരു രസം ണ്ടല്ലോ. അത് കളയണ്ടാച്ചിട്ട് ഞാൻ തർക്കിക്കാണ്ടിരുന്ന തല്ലേ ഇതുവരെ. നീയ് കെട്ടിച്ചമച്ച് ഓരോന്ന് പറയുമ്പോ മുഖം നോക്ക്യാൽ എനിക്കറിയില്ലേ.

രണ്ടാളും പൊട്ടിച്ചിരിക്കുന്നു. അയാൾ ഗ്യാസ്ട്രബിൾകൊണ്ട് ഒന്നസ്വസ്ഥനാവുന്നു. പിന്നെ ഉറക്കെ ശ്വാസം വിടുന്നു. അയാൾ ഒരു ദീർഘശ്വാസത്തോടെ മന്ദഹസിച്ച് കിടക്കുന്നു.

അമ്മാളു : ഊണ് കുറച്ചധികായി. രാത്രി പൊടിയരിടെ കഞ്ഞി മാത്രം ഇത്തിരി കഴിച്ചാൽ മതി.

അയാൾ മിണ്ടുന്നില്ല. മയങ്ങാൻ തുടങ്ങുന്നു.

ആലോചനയ്ക്കുശേഷം

ബീനമോൾടെ കാര്യം കൊഴപ്പൊന്നും കൂടാതെ കഴിഞ്ഞുകൂടിയാൽ മതിയായിരുന്നു. നമുക്ക് അങ്ങോട്ടൊന്ന് വിളിക്കാം. ഇന്ന് രാത്രീല്-

ശബ്ദമൊന്നും കേൾക്കാത്തപ്പോൾ:

ഒറങ്ങി, അല്ലേ?

അവർ നോക്കുമ്പോൾ ഒരു പന്തികേട്. മന്ദഹാസത്തോടെ കാരണവർ കിടക്കുന്നു. പക്ഷേ, നിശ്ചലം. നെഞ്ചത്ത് കൈവച്ചപ്പോൾ ഒരു നടുക്കം. അവസാനിച്ചു എന്ന നിശ്ശബ്ദമായ ആഘാതം മുഖത്തു പടരുന്നു.

## സീൻ 53

പകൽ

കുറുപ്പിന്റെ വീട്

പൂമുഖത്ത് കുറച്ചാളുകൾ കൂടിനിൽക്കുന്നു. ചെറിയൊരു മനുഷ്യന്റെ മരണമാണ്.

മരിച്ചുകിടത്തിയ കുറുപ്പിന്റെ കാൽക്കലേക്ക് വന്ന് കണ്ണൻ നമസ്കരിക്കുന്നു. മുറ്റത്തും വരാന്തയിലുമൊക്കെ ആൾക്കാർ. തലയ്ക്കൽ മക്കൾ, പേരക്കുട്ടികൾ, കേശുവിന്റെ ഭാര്യ. പരിസരത്തിൽ കേശു.

(രാമൻകുട്ടി ഫോണിൽ അന്വേഷണങ്ങൾക്കു മറുപടി പറയുന്നു)

കണ്ണൻ നമസ്കരിച്ച് തിരികെ വരുമ്പോൾ പശ്ചാത്തലത്തിൽ വന്നുകൂടിയ ചുരുക്കം പേരെ കാണാം.

## സീൻ 53 എ

രാത്രി

വീട്

വീട്ടുപരിസരത്തിൽ ഏകാകിയായി നിൽക്കുന്ന കണ്ണൻ. അകലെ പറമ്പിന്റെ അതിർത്തിയിൽ ദഹിപ്പിച്ചേടത്തുനിന്നുള്ള പുക ഉയരുന്നു. നേർത്ത ഇരുട്ട്. ഇരുട്ടിന്റെ ഒരു കീറുപോലെ കണ്ണനും.



## സീൻ 54

സന്ധ്യ

വീട്

ശവസംസ്കാരവും മറ്റും കഴിഞ്ഞശേഷം ഒരു സന്ധ്യ. വീടിന്റെ പൂമുഖത്ത് രാധ, രവി, കേശു, ജയൻ, കേശുവിന്റെ ഭാര്യ എന്നിവർ പലേടത്തായി ഇരിക്കുന്നു.

അമ്മാളു ചുവർ ചാരിയിരിക്കുന്നു. അവരുടെ മുഖത്ത് കണ്ണീരില്ല. വിഷാദം അകമേ ഉണ്ടെങ്കിലും ശാന്തമാണ് ഭാവം.

രവി : അവിടെ കുറച്ചു ദിവസം നിൽക്വാ. പിന്നെ ഒരു മാറ്റം വേണമെന്നു തോന്നിയാൽ കേശ്വേട്ടന്റെ അടുത്തേക്കു പോകാം.

ജയൻ : അമ്മയ്ക്ക് കുവൈറ്റിലേക്കും വരാം. പുതിയ സ്ഥലം. നാട്ട്ന്ന് കുറച്ചു വിട്ടുനിന്നാൽത്തന്നെ മനസ്സിന് സുഖം തോന്നും. ഇപ്പോൾ കൊച്ചീന്ന് നേരിട്ട് ഫ്ളൈറ്റുണ്ടല്ലോ. യാത്രയ്ക്ക് ഒരു ബുദ്ധിമുട്ടൂല്യ.

കേശു : പറമ്പും വീടും ഒക്കെ ആ രാമൻകുട്ടി നോക്കിക്കോളും. നല്ല വെല കിട്ടിയാൽ പിന്നെ കൊടുക്കൂം ചെയ്യാം. ഇവിടെ ഇത്തിരി കൃഷി ചെയ്തിട്ട് എന്താ കാര്യം?

രാധ : എവിടെ നിൽക്കാനാ ഇഷ്ടന്ന് അമ്മയാണ് നിശ്ചയിക്കേണ്ടത്.

സുഭദ്ര : ഞാൻ പറയ്വാച്ചാൽ, മാറിമാറി മൂന്നു സ്ഥലത്തും നിൽക്കാം. ഇടയ്ക്കിടയ്ക്ക് ഒരു ചെയ്ഞ്ച് വന്നാൽ അമ്മയ്ക്ക് ഒരു മടുപ്പും തോന്നില്ല അല്ലേ, അമ്മേ?

അമ്മ മുഖമുയർത്തി അവരെ നോക്കുന്നു.

അമ്മാളു : ഞാനെവടയ്ക്കും ല്ല കുട്ടികളേ!

(അവർക്കത്ഭുതം)

ജയൻ : അമ്മ ഇവിടെ ഒറ്റയ്ക്ക് എങ്ങനെ?

അമ്മാളു : (തലകുനിച്ച് ആത്മഗതം പോലെ) ഞാനൊറ്റയ്ക്കല്ല. അച്ഛൻ ഈ ചുറ്റുവട്ടത്ത് എപ്പഴും ഉണ്ടാവും. എനിക്കൊരു ബുദ്ധിമുട്ടും വരില്ല കുട്ടികളേ.

കൂടുതൽ ആരും വാദിക്കണ്ട എന്നറിയിക്കും പോലെ അമ്മ അകത്തേക്ക്.

## സീൻ 55

പകൽ

കുറുപ്പിന്റെ വീട്

മക്കൾ മടങ്ങിപ്പോയിരിക്കുന്നു. വീട്ടിൽ അമ്മ തനിയെ.

മാലതിയും ഭാസ്കരനും കൂടി വരുന്നു.

അമ്മാളു കോലായിൽ തൂണിനടുത്തായി നിൽക്കുന്നു.

യാത്രയ്ക്കുള്ള വേഷത്തിലാണ് മാലതിയും ഭാസ്കരനും.

ഭാസ്കരൻ: ഞങ്ങള് പോവ്വാ. രണ്ടാഴ്ച കഴിഞ്ഞാൽ ഒന്നു വരും. ബന്ധുവീടുകളിലൊക്കെ കേറിക്കഴിഞ്ഞില്ല.

അമ്മാളു മന്ദഹസിച്ച് ശരിവയ്ക്കുന്നു. ഭാസ്കരൻ പുറത്തേക്ക്. മാലതി പിന്നെയും വലിയമ്മയുടെ സമീപം നിൽക്കുന്നു. അവൾക്കും വല്ലാത്തൊരു വിഷാദമുണ്ട്. ചോറ്റുപാത്രംകൊണ്ട് കണ്ണൻ അകത്തേക്ക്.

അമ്മാളു : (ശാന്തഭാവത്തിൽ) ബുദ്ധിമുട്ടാതെ പോയി വലിയച്ഛൻ. എന്റെ ആഗ്രഹംപോലെ തന്നെ.

മാലതി : അമ്മയോട് ഞാൻ പ്രത്യേകം പറഞ്ഞിട്ടുണ്ട്, ഇവിടത്തെ കാര്യം നോക്കാൻ.

അമ്മാളു : (അത് ശ്രദ്ധിക്കാതെ) എല്ലാ സ്ത്രീകൾക്കും ആഗ്രഹം ഭർത്താവിരിക്കുമ്പോൾ മരിച്ചുപോണേന്നാണ്. മംഗല്യത്തോടെ മരിക്ക്വ. എന്റമ്മയൊക്കെ പറേണത് കേട്ടിട്ടുണ്ട്. അതറിയ്യോ മാലതിക്ക്?

കണ്ണൻ വന്ന് അമ്മാളുവിന്റെ സമീപം നിൽക്കുന്നു.

എന്റെ പ്രാർഥന മറിച്ചായിരുന്നു. ഞാനുള്ളപ്പോൾ കഷ്ടപ്പെടാതെ വല്യച്ഛൻ പോണേ എന്ന്. അതീശ്വരൻ കേട്ടു!

മാലതിക്ക് മനസ്സിലാവുന്നില്ല.

(മാലതിയോടായി) കുട്ടിക്ക് അത് മനസ്സിലാവില്ല. രാത്രി പാതിരയ്ക്കാവും വയറ്റിൽക്കാളല്. അപ്പോ മോര് വേണം. രാസ്നാദിപ്പൊടിയിട്ടില്ലെങ്കിൽ കുളിച്ചാൽ നീരിളക്കം. തണുപ്പുവിട്ട വെള്ളത്തിലേ കുളിക്കാവൂ. ആഹാരം ചിലതൊക്കെ വയററിന് തീരെ പിടിക്കില്ല. ഞാനില്ലാത്തപ്പോൾ ഇതൊക്കെ ആരാ അറിഞ്ഞു ചെയ്യ്വാ?

മാലതി നോക്കുന്നു.

ശീലങ്ങളൊക്കെ എനിക്കറിയ്ണ മാതിരി വേറാർക്കെങ്കിലും നിശ്ചയണ്ടാവോ? ഒട്ടും കഷ്ടപ്പെടാതെ പോയത് ഭാഗ്യം!

അവർ എഴുന്നേറ്റ് തൂണിനടുത്തു വന്ന് പറമ്പിലേക്കു നോക്കിനിൽക്കുന്നു.

കുറച്ചടികൾ നടന്ന് മാലതി തിരിഞ്ഞുനോക്കുന്നു. അപ്പോൾ വലിയമ്മ തൂണുപിടിച്ചുനിന്ന് തേങ്ങിക്കരയുകയാണ്. പുറത്തേക്കിറങ്ങുന്ന മാലതിയോട്-

കണ്ണൻ : നേരത്തേ മരിച്ചത് ഭാഗ്യായീന്നല്ലേ വല്യമ്മ പറഞ്ഞത്?

മാലതി : ഉം

കണ്ണൻ : പിന്നെന്തിനാ വല്യമ്മ കരേണ്?

മാലതി : അത്... അത് നിനക്ക് മനസ്സിലാവില്ല കണ്ണാ...

മാലതി വീട്ടിലേക്ക്. കണ്ണൻ അകലെ നിൽക്കുന്ന വലിയമ്മയെ നോക്കുന്നു.

അമ്മാളു തൂണിനടുത്തുനിന്ന് മുറ്റത്തിറങ്ങി. പതുക്കെപ്പതുക്കെ തോട്ടത്തിലേക്ക്. അവർ തോട്ടത്തിൽ. അപ്പോൾ വീശിയ കാറ്റിൽ തോട്ടത്തിലെ ഇലകളും വള്ളികളും അവരുടെ സാമീപ്യം മനസ്സിലാവും പോലെ ചലിക്കുന്നു. പന്തലിൽ പടർത്തിയ ചില വള്ളികൾ അവരെ ആശ്ലേഷിക്കുന്നു. ഞാൻ തനിച്ചല്ല എന്ന ആശ്വാസത്താൽ ദുഃഖച്ഛായ മാഞ്ഞ് ആ മുഖം ശാന്തമാവുന്നു. ചെടികളുടെ ആഹ്ലാദം.

**ഒരു ചെറുപുഞ്ചിരി**

- 'ഒരു ചെറുപുഞ്ചിരി' എന്ന തിരക്കഥയിൽനിന്നു ജീവിതത്തെക്കുറിച്ചുള്ള ചില കാഴ്ചപ്പാടുകൾ തെളിഞ്ഞുകിട്ടുന്നുണ്ടല്ലോ.
    - കുടുംബബന്ധങ്ങളിലെ ആർദ്രതയും ദാർഢ്യവും
    - പ്രകൃതി-മനുഷ്യബന്ധം
    - ജീവിതത്തിലെ ലാളിത്യം

  മുതലായവ അവയിൽ ചിലതാണ്. മറ്റെന്തൊക്കെ കണ്ടെത്താനാവും? ഇത്തരം കാഴ്ചപ്പാടുകളെ സമകാലികജീവിതവുമായി താരതമ്യംചെയ്യൂ.

- "അമ്മാളു തൂണിനടുത്തുനിന്ന് മുറ്റത്തിറങ്ങി. പതുക്കെപ്പതുക്കെ തോട്ടത്തിലേക്ക്. അവർ തോട്ടത്തിൽ. അപ്പോൾ വീശിയ കാറ്റിൽ തോട്ടത്തിലെ ഇലകളും വള്ളികളും അവരുടെ സാമീപ്യം മനസ്സിലാവും പോലെ ചലിക്കുന്നു. പന്തലിൽ പടർത്തിയ ചില വള്ളികൾ അവരെ ആശ്ലേഷിക്കുന്നു. ഞാൻ തനിച്ചല്ല എന്ന ആശ്വാസത്താൽ ദുഃഖച്ഛായ മാഞ്ഞ് ആ മുഖം ശാന്തമാവുന്നു. ചെടികളുടെ ആഹ്ലാദം."

  സിനിമ ഇത്തരമൊരു ദൃശ്യത്തിൽ അവസാനിപ്പിക്കുന്നതിന്റെ ഔചിത്യമെന്താവാം? നിഗമനങ്ങൾ പൊതുവായി അവതരിപ്പിക്കൂ.

- ‘ഒരു ചെറുപുഞ്ചിരി’ എന്ന തിരക്കഥ പൂർണമായി വായിച്ച് കുറുപ്പ്, അമ്മാളു, കണ്ണൻ എന്നീ കഥാപാത്രങ്ങളുടെ സവിശേഷതകൾ കണ്ടെത്തൂ.
- ‘ഒരു ചെറുപുഞ്ചിരി’യിലെ കുറുപ്പ് പറയുന്നത് ശ്രദ്ധിക്കൂ. “മനുഷ്യാവസ്ഥയെപ്പറ്റി നമുക്കൊന്നും പറയാൻ പറ്റില്ല” - ഈ ആശയത്തെ യൂണിറ്റിലെ പാഠഭാഗങ്ങളുമായി ചേർത്തുവച്ച് പരിശോധിക്കൂ.
- ഇക്കാലത്ത് വൃദ്ധസദനങ്ങൾ അനിവാര്യമാണെന്ന് അഭിപ്രായമുള്ളവരുണ്ട്. അതിനോട് യോജിക്കുന്നവരും വിയോജിക്കുന്നവരുമുണ്ടാവും. ഒരു സംവാദം സംഘടിപ്പിക്കൂ.